# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.354

## 26-04-2017 ൽ മറുപടിക്ക്

### കിഫ്ബി

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതികൾക്കായി ധനസമാഹരണം നടത്തിയിട്ടുണ്ടോ; ഇതുവരെ സമാഹരിച്ച വിഭവം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | 2015-16, 2016-17 വർഷങ്ങളിൽ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി, പുന:സംഘടിപ്പിക്കപ്പെട്ട കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽ സൂചിപ്പിച്ച ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം, മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും, പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ഇതിനു പുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ / സഹകരണ ബാങ്കുകളിൽ നിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള ശ്രമങ്ങളും കിഫ്ബിയുടെ പരിഗണനയിലാണ്. |

| | |
|---|---|
| (ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; | 2016-17 സാമ്പത്തിക വർഷത്തിൽ കൂടിയ കിഫ്ബിയുടെ 27ാം ജനറൽ ബോർഡ് 48 പദ്ധതികൾക്കും, 28 ാം ജനറൽ ബോർഡ് നിബന്ധനകൾക്ക് വിധേയമായി 53 പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്.അംഗീകാരം ലഭിച്ച പദ്ധതി വിശദാംശങ്ങളുടെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു. |
| (സി) ഭരണാനുമതി ലഭിച്ച പദ്ധതികൾക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 പ്രകാരം ബോർഡ് അംഗീകരിച്ച പദ്ധതികൾക്കുള്ള ധന സഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഓൺ ലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് പേയ്മെന്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കിഫ് ബോർഡിന്റെ 27 ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ നടത്തിപ്പിന് ആദ്യ ഘട്ടത്തിൽ ആവശ്യമായ തുക നിലവിലെ ഫണ്ടിൽ നിന്നും കണ്ടെത്തുവാൻ കിഫ്ബി പ്രാപ്തമാണ്. കൂടാതെ 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുള്ള 10% മോട്ടോർ വാഹന നികുതിയും, പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള സെസ്സും കിഫ്ബി അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്